# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5246 — 05.07.2012- ൽ മറുപടിക്ക്

**ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ്**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഹൗസിംഗ് സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് വസ്തുവിലയുടെ എത്ര ശതമാനം തുകയാണ് നിലവിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്; | എ) | കേരളത്തിലെ എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങളും അംഗങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നില്ല. സ്ഥലം വാങ്ങി അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി പതിച്ചു നൽകുന്ന സംഘങ്ങൾ വസ്തു വിലയുടെ 2% തുകയാണ് രജിസ്ട്രേഷൻ ഫീസായി നിലവിൽ ഈടാക്കുന്നത്. |
| ബി) ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വസ്തു രജിസ്ട്രേഷന് 2% രജിസ്ട്രേഷൻ എന്നത് ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഏതെല്ലാം ഉത്തരവുകളുടെ അടിസ്ഥാനത്തിലാണിതെന്ന് വ്യക്തമാക്കുമോ ;<br><br>സി) ഹൗസിംഗ് സൊസൈറ്റികളെത്തന്നെ തകർക്കുന്ന രജിസ്ട്രേഷൻ ഫീസ് വർദ്ധന പിൻവലിച്ച് 2% എന്ന സമ്പ്രദായം തുടരുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | ബി) യും സി) യും | ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വസ്തു രജിസ്ട്രേഷന് 2% രജിസ്ട്രേഷൻ ഫീസ് എന്നത് വർദ്ധിപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**